(ബി) പിന്നോക്ക സമുദായങ്ങളിൽപ്പെടുന്നവരുടെ വികസനവും സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സമഗ്ര പുരോഗതിക്കുതകുന്ന പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക.

(സി) പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റും സെക്രട്ടേറിയറ്റിൽ ഭരണ വകുപ്പും രൂപീകരിച്ചു. കൂടാതെ എറണാകുളത്തും കോഴിക്കോടും റീജിയണൽ ഓഫീസുകൾ ആരംഭിച്ചു. 2012-13 മുതൽ പ്രത്യേക സ്കീമുകൾ അനുവദിച്ച് നടപ്പാക്കിവരുന്നു. നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

സർക്കാർ ആരോഗ്യ മേഖല ശാക്തീകരിക്കാൻ നടപടി

6 (*516) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ ആശുപത്രികളെയും ജനറൽ ആശുപത്രികളെയും മെഡിക്കൽ കോളേജായി മാറ്റുന്ന നിലവിലെ രീതിക്കു പകരം പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള പ്രാഥമിക, ദ്വിതീയ ആരോഗ്യ മേഖല ശാക്തീകരിക്കാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

എല്ലാ ജില്ലാ/ജനറൽ ആശുപത്രികളെയും മെഡിക്കൽ കോളേജ് ആശുപത്രികളാക്കി മാറ്റുന്ന നയം സർക്കാർ സ്വീകരിച്ചിട്ടില്ല. ചില ജില്ലാ/ജനറൽ ആശുപത്രികളെ താൽക്കാലികമായി പുതിയ മെഡിക്കൽ കോളേജുകളോട് ബന്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് തികച്ചും താൽക്കാലിക സംവിധാനം മാത്രമാണ്. മെഡിക്കൽ കോളേജുകൾക്ക് പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കുമ്പോൾ ജില്ലാ/ജനറൽ ആശുപത്രി കെട്ടിടം തിരികെ നൽകുകയോ അവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയോ ചെയ്യുന്നതിനാണ് തീരുമാനം. മുമ്പ് ആലപ്പുഴ മെഡിക്കൽ കോളേജിന്റെ കാര്യത്തിലും ഇപ്രകാരം ഒരു സംവിധാനമാണ് സ്വീകരിച്ചത്. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ/ജനറൽ ആശുപത്രിവരെയുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ എടുത്തുവരുന്നത്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി അവയോടനുബന്ധിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.ആർ.എച്ച്.എം. മുഖേന സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൈമറി ഹെൽത്ത് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമികാരോഗ്യ മേഖല ശക്തിപ്പെടുത്താൻ ആരോഗ്യ വകുപ്പ് മുഖേനയും ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴിയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു പ്രാഥമികാരോഗ്യകേന്ദ്രമെങ്കിലും ഉണ്ടായിരിക്കണമെന്ന ലക്ഷ്യത്തോടെ 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളില്ലാത്ത 24 പഞ്ചായത്തുകളിൽ പുതുതായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളും 69 അർബൻ പി.എച്ച്.സി.കളും സ്ഥാപിച്ചു. സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും ലഭ്യമാകുന്ന തരത്തിൽ പ്രസ്തുത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേണും ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങളും പുനർനിർണ്ണയിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 26 സ്ഥാപനങ്ങളുടെ പദവി ഉയർത്തുകയും 2246 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും എൻ.എച്ച്.എം. മുഖേനയും എം.എൽ.എ., എം.പി. എന്നിവരുടെ ആസ്തി വികസന ഫണ്ട് മുഖേനയും ഈ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ക്ലിനിക്കൽ ലബോറട്ടറികൾ

7 (*517) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ക്ലിനിക്കൽ ലബോറട്ടറികളിൽ യോഗ്യരായ ടെക്നീഷ്യൻമാരെ നിയമിക്കാത്തതുമൂലം കൃത്യതയില്ലാത്ത പരിശോധനാഫലം ലഭിക്കുന്നതിലൂടെ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും പുതുതായി ആരംഭിച്ച എച്ച്.എം.സി. ലാബുകളിലും യോഗ്യതയുള്ള ലബോറട്ടറി ടെക്നീഷ്യൻമാരെ പി.എസ്.സി. വഴി നിയമപരമായ, കൃത്യതയാർന്ന

LIBRARY ARCHIVES Kerala Legislative Assembly